# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1009** **12/06/2014** ൽ മറുപടിക്ക്

**എയ്ഡഡ് സ്കൂളുകളിലെ യൂണിഫോം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2013 - 14 അദ്ധ്യയനവർഷം യൂണിഫോം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഒരു കുട്ടിക്ക് രണ്ട് യൂണിഫോം നൽകുന്നതിന് തയ്യൽകൂലിയടക്കം എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2013 -14 അദ്ധ്യയനവർഷം യൂണിഫോം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോം നൽകുന്നതിന് തയ്യൽകൂലിയടക്കം 400/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| ബി) | യൂണിഫോം ഇനത്തിൽ 400 രൂപയ്ക്ക് പകരം പ്രധാനാദ്ധ്യാപകർക്ക് 183 രൂപയാണ് ലഭിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) & സി) | 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും രണ്ട് ജോഡി യൂണിഫോമിന് തയ്യൽകൂലിയടക്കം 400/- രൂപ നിരക്കിൽ യൂണിഫോം വാങ്ങുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും സംസ്ഥാനത്തെ എയിഡഡ് മേഖലയിലെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും 5/12/2013 ന് ആദ്യ ഗഡുവായി ജോഡി ഒന്നിന് 183 രൂപ ക്രമത്തിൽ അനുവദിച്ചുനൽകുകയുണ്ടായി. ഇതിന്റെ ബാക്കി തുക കോഴിക്കോട് ജില്ല ഒഴികെ മറ്റെല്ലാ ജില്ലകൾക്കും പൂർണ്ണമായും 13/3/2014 ന് അനുവദിച്ചുനൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലം കോഴിക്കോട് ജില്ലക്ക് മാത്രമാണ് രണ്ടാം ഗഡു തുക അനുവദിക്കാൻ കഴിയാതിരുന്നത്. കോഴിക്കോട് ജില്ലയുടെ ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | 2014 - 15 അദ്ധ്യയനവർഷം എയ്ഡഡ് വിദ്യാലയങ്ങളിൽ യൂണിഫോം വിതരണം നടത്തുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട്; അദ്ധ്യയന വർഷാരംഭത്തിൽതന്നെ യൂണിഫോം വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ? | ഡി) | 2014 - 15 അദ്ധ്യയന വർഷത്തേക്ക് എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും രണ്ട് ജോഡി യൂണിഫോം വിതരണം ചെയ്യുന്നതിന് ഒരു കുട്ടിക്ക് 400/- രൂപ നിരക്കിൽ 13,64,440 കുട്ടികൾക്ക് ഏകദേശം 55 കോടി രൂപ വകകൊള്ളിക്കുന്നതിനുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ